നം.ഇ.എസ്.2/40318/2017/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
തീയതി : 10/4/2019

# നോട്ടീസ്

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – ടൈപ്പിസ്റ്റ് / ക്ലാർക്ക് സീനിയോറിറ്റി പട്ടികയിലെ അപാകത പരിഹരിക്കുന്നതിനായി ശ്രീ. പി.കെ. ശശികുമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) കത്ത് നം. എ2/10475/16/ജി.മെ.ആ കോഴിക്കോട്/തീയതി 20/9/18.
2) DT (B) 1447/90/15 Dt. 19/12/95/PSC/ കോഴിക്കോട്.
3) ഉത്തരവ് നം. ഇ.ഡി.5/48377/92/ആ.വ.ഡ/തീയതി 5/2/96.
4) ഉത്തരവ് നം. A2/5190/99/ജി.മെ.ആ/കോഴിക്കോട്/തീയതി 29/4/99
5) ഇ.എസ്2/57106/04/ആ.വ.ഡ/തീ: 17/1/2006.

കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. പി.കെ. ശശികുമാർ ടിയാൻ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ വന്ന അപാകത പരിഹരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സൂചന (1) പ്രകാരം അയച്ചുതന്നിരിക്കുന്നു.

സൂചന (2) പ്രകാരമുള്ള PSC അഡ്വൈസിന്റെയും സൂചന (3) പ്രകാരമുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ശ്രീ. പി.കെ. ശശികുമാർ 1.3.1996 ൽ LD Typist ആയി ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിക്കുകയും, പിന്നീട് 05.12.1996 ന് സ്വന്തം ജില്ലയായ കോഴിക്കോട് സ്ഥലമ്മാറ്റ നിയമനം വഴി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

സൂചന (4) ഉത്തരവ് പ്രകാരം 9.3.1998 കണക്കാക്കി ടിയാൻ പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടുമുണ്ട്.

എന്നാൽ സൂചന (5) പ്രകാരമുള്ള 4/86 മുതൽ 12/98 വരെയുള്ള കാലയളവിലെ LD Typist മാരുടെ സീനിയോറിറ്റി പട്ടികയിൽ 162-)൦ സ്ഥാനമാണ് ടിയാന് നൽകിയിരിക്കുന്നത്. ആയത് 5.12.96ൽ കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പരിഗണിച്ചാണ്. അതായത് ഹെഡ് ക്വാർട്ടേഴിൽ നിന്നും സ്വന്തം ജില്ലയായ കോഴിക്കോടേക്ക് നൽകിയ സ്ഥലമാറ്റം അന്തർജില്ലാ സ്ഥലംമാറ്റം ആയി പരിഗണിച്ചാണ് ടി സ്ഥാനം നൽകിയിട്ടുള്ളത്. ഹെഡ് ക്വാർട്ടർ നിയമനത്തിൽ ജോലിയിൽ പ്രവേശിച്ചയാൾക്ക് സ്വന്തം ജില്ലയിലേക്ക് നൽകുന്ന സ്ഥലമാറ്റം അന്തർജില്ലാസ്ഥലംമാറ്റ പരിധിയിൽ വരില്ല എന്നുള്ളതുകൊണ്ട് PSC അഡ്വൈസ് തീയതി പരിഗണിച്ച് 4/86 മുതൽ 12/98 വരെയുള്ള കാലയളവിലെ LD Typist സീനിയോറിറ്റി പട്ടികയിൽ ശ്രീ. പി.കെ. ശശികുമാറിന് 129 A സ്ഥാനം നൽകുന്നതിനും ടിയാന് പ്രസ്തുത പട്ടികയിൽ നൽകിയിട്ടുള്ള 162-)൦ സ്ഥാനം റദ്ദാക്കുന്നതിനും താൽകാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ചത് | സീനിയോറിറ്റി കണക്കാക്കിയ തീയതി | പി.എസ്.സി. അഡ്വൈസ് നം. | നിലവിലുള്ള റാങ്ക് നം. | പുതിയതായി അനുവദിച്ച റാങ്ക് നം |
|---|---|---|---|---|---|---|---|
| 1 | P. Girish Kumar | 1/1/67 | 24/1/96 | 19/12/95 | DTB 1447/90-34/Dt. 19/12/95 | 129 | |
| 2 | P.K. Sasikumar | 4/5/66 | 1/3/96 | 19/12/95 | DTB 1447/90-15/Dt. 19/12/95 | 162 | 129A |
| 3 | I Sathiapalan | 30/5/61 | 21/6/96 | 01/12/95 | DTB/1447/90/Dt. 11/4/96 | 130 | |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പത്ത് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

(ഒപ്പ്)

സി.എം. അജയമോഹൻ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് : ശ്രീ. പി.കെ. ശശികുമാർ, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കോഴിക്കോട്

പകർപ്പ് : 1)എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) സൂപ്രണ്ട് ഇ.ഡി. സെക്ഷൻ
4) ആരോഗ്യവകുപ്പ് വെബ് സൈറ്റ്
5) ഫയൽ / കരുതൽ ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്